# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 27, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 341)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 3853 മുതൽ 3990 വരെ |
| ജലവിഭവകുപ്പുമന്ത്രി | 3991 മുതൽ 4063 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 4064 മുതൽ 4111 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 4112 മുതൽ 4135 വരെ |
| പട്ടികജാതി -പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 4136 മുതൽ 4193 വരെ |

### ആരോഗ്യ -ഔഷധനയം

T3853

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് ഓരോ വർഷവും പുതിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ആരോഗ്യസ്ഥിതിയെക്കുറിച്ച് സമഗ്രവും ശാസ്ത്രീയമായുമുള്ള ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പുതിയ പഠനത്തിൽ നിന്നും കിട്ടുന്ന വിവരങ്ങളെ ആധാരമാക്കി ഒരു ആരോഗ്യനയവും ഔഷധ നയവും രൂപീകരിക്കാനും അത് എപ്പോഴും എല്ലായിടത്തും പാലിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>വൈദ്യശാസ്ത്രരംഗത്തെ ഗവേഷണ സ്ഥാപനങ്ങൾ</u>**

**3854 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കേരളത്തിൽ വൈദ്യശാസ്ത്രരംഗത്ത് സർക്കാർ തലത്തിലും അല്ലാതെയും നിലവിൽ എത്ര ഗവേഷണ സ്ഥാപനങ്ങളാണുള്ളത്; അവ ഏതെല്ലാം; വിശദവിവരം നൽകുമോ;**

(ബി) **ഇവയുടെ നടത്തിപ്പിനായി 2001 മുതൽ 2011 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത കാലയളവിൽ ആരോഗ്യരംഗത്ത് പ്രയോജനപ്പെടുന്ന എത്ര പുതിയ അറിവുകൾ ഇവിടെനിന്നും പുറത്തുവന്നിട്ടുണ്ടെന്ന് പറയാമോ;**

(സി) **വിദേശങ്ങളിൽ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വകാര്യ പ്രാക്ടീസിനെക്കാൾ കൂടുതൽ താല്പര്യം പുതിയ അറിവുകൾ നേടുന്നതിനാണ് എന്ന് അറിയാമോ; എങ്കിൽ വിദേശത്തുനിന്നു ലഭിക്കുന്ന പുതിയ അറിവുകൾ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ?**

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

## പരാതി രഹിത ചികിൽസാ സൗകര്യം

3855 ശ്രീ. പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരാതിരഹിത ചികിൽസാ സൗകര്യം ഒരുക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് പറയാമോ;

(ബി) എങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുന്നകാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### ആശുപത്രികളുടെ നവീകരണം

3856 ശ്രീ. കെ. എൻ.എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ നവീകരണത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം നല്കുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തം സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആരാധനാ കേന്ദ്രങ്ങൾ, വിനോദ സഞ്ചാര മേഖലകൾ എന്നിവയ്ക്ക് സമീപമുള്ള ആശുപത്രികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നല്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ ആശുപത്രികളിൽ ചികിത്സാ നിരക്കുകൾ</u>**

3857 **ശ്രീ. സി. ദിവാകരൻ**
**ശ്രീമതി ഇ. എസ്. ബിജിമോൾ**
**ശ്രീ. വി. ശശി**
**,, ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് നിശ്ചയിച്ചു നൽകിയിട്ടുള്ള ചികിത്സാ നിരക്കുകൾ എത്ര വീതമാണെന്ന് പറയാമോ;

(ബി) രോഗികളിൽ നിന്നും അമിത ചികിത്സാ നിരക്കുകൾ ഈടാക്കുന്നതായുള്ള പരാതികളുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നിരക്ക് ഈടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നഴ്സുമാരുടെയും മറ്റ് സ്വകാര്യ ആശുപത്രി ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥ പരിഷ്ക്കരണം മറയാക്കി ചികിത്സാ നിരക്കുകൾ യഥേഷ്ടം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>മാനസികാരോഗ്യ നിയമം</u>**

**3858 ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**ഡോ:എൻ. ജയരാജ്**
**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന മാനസികാരോഗ്യനിയമം സംസ്ഥാനത്ത് നടപ്പിലായി തുടങ്ങിയോ ; പ്രസ്തുത നിയമത്തിന്റെ സാരാംശം എന്താണ് ; വ്യക്തമാക്കുമോ ;**

**(ബി) നിലവിലുളള മാനസികാരോഗ്യകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുളള സൗകര്യങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ ; എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;**

**(സി) സർക്കാർ നിയന്ത്രിത മാനസികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണത്തിലുളള കുറവുമൂലമാണോ അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രേരകമാകുന്നത് ; വ്യക്തമാക്കുമോ ;**

**(ഡി) സംസ്ഥാനത്ത് ജില്ലാ താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മാനസിക രോഗാശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങൾ</u>**

3859 ശ്രീ. ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി ക്യാമറകളും ക്ലോസ്ഡ് - സർക്യൂട്ട് ടിവികളും ആശുപത്രികളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് സ്ഥാപിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

<u>**നിയോജക മണ്ഡലങ്ങളിൽ മാതൃകാ ആശുപത്രി**</u>

3860 **ശ്രീ. സി.എഫ്.തോമസ്**
**,, തോമസ് ഉണ്ണിയാടൻ**
**,, മോൻസ് ജോസഫ്**
**,, റ്റി.യു.കുരുവിള**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ഓരോ നിയോജക മണ്ഡലത്തിലും എല്ലാ സൗകര്യങ്ങളോടും കൂടിയ ഓരോ മാതൃകാ ആശുപത്രി വീതം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ ;**

(ബി) **ഇത്തരത്തിലുള്ള ആശുപത്രികളിൽ എല്ലാ ആധുനിക സൗകര്യങ്ങളും ഉപകരണങ്ങളും സ്പോൺസർ ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;**

(സി) **പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസങ്ങളിലും അവലോകനം നടത്തുന്നതിനും പൊതു ജനങ്ങളുടെ സഹകരണത്തോടെ പ്രസ്തുത ആശുപത്രികളുടെ ഗുണ നിലവാരം നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഫോർ പ്ലസ് പദ്ധതി**

3861

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, സി. കെ. സദാശിവൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ നടപ്പിലാക്കിയ ഫോർപ്ലസ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതിനാൽ പകർച്ചവ്യാധികൾ വ്യാപകമായത് മനസ്സിലാക്കിയിട്ടുണ്ടോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഡി.എം.ഇ, ഡി.എച്ച്.എസ്. ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ**

3862 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ, ഡി.എച്ച്.എസ്. ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ ആരംഭിച്ചതുമുതൽ നാളിതുവരെ ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിയന്ത്രണം ഒഴിവാക്കൽ പ്രക്രീയയിൽ എത്ര ജീവനക്കാരെയാണ് ഡി.എം.ഇ യിലേയ്ക്ക് നിയമിച്ചിട്ടുള്ളത് ; ഇവരുടെ തസ്തിക തിരിച്ചുള്ള പൂർണ്ണ വിവര ങ്ങളടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) ജീവനക്കാരെ ഡി.എം.ഇ യിലേയ്ക്ക് നിയമിക്കാൻ സ്വീകരിച്ച പൊതുമാനദണ്ഡമെന്തായിരുന്നു; പ്രസ്തുത മാനദണ്ഡത്തിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിരുന്നോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ ;

(ഡി) ഇരട്ട നിയന്ത്രണം ഒഴിവാക്കൽ സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് ; പ്രസ്തുത കേസുകളിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലങ്ങളുടെയും എതിർ സത്യവാങ്മൂലങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഡി.എം.ഇ, യുടെയും ഡി.എച്ച്.എസ് ന്റേയും<br>ഇരട്ട നിയന്ത്രണം</u>

3863 **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ, ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതിന് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഡി.എം.ഇ. യിലേയ്ക്ക് പോകുന്നതിന് ഓപ്ഷൻ നൽകിയ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച പൊതു മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പൊതു മാനദണ്ഡങ്ങൾ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പൊതു മാനദണ്ഡങ്ങൾ പ്രകാരം നിയമനം ലഭിച്ചവർ ഡി.എം.ഇ. യിൽ നിയമനം ലഭിക്കേണ്ടവർ അവരവരുടെ ഓപ്ഷൻ അനുസരിച്ച് ആരൊക്കെയാണ്; തസ്തിക തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും ചെലവഴിച്ച തുക**

**3864 ശ്രീ. റ്റി.വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2011-12 ലെ എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും ഏതൊക്കെ പദ്ധതികളിലാണ് പ്രധാനമായും തുക ചെലവഴിച്ചത്; വിശദാംശം നൽകുമോ;

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>എൻ.ആർ.എച്ച്.എം. മുഖേന വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ</u>**

**3865 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. മുഖേന വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ താലൂക്ക്തലത്തിലുള്ള വിവരം അറിയിക്കുമോ ;

(ബി) വയനാട് ജില്ലയിൽ നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും താലൂക്ക് തലത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ആയതിന് വകയിരുത്തിയിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>എൻ. ആർ എച്ച്. എം. പദ്ധതിയിൽപ്പെടുത്തി</u>**
**<u>കാൻസർ രോഗ നിർണ്ണയം</u>**

**3866** **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ. സി. സി. യിലെ ഡോക്ടർമാരുടെ ജോലിഭാരം കണക്കിലെടുത്ത് ഇൻഷ്വറൻസ്/മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ ഒപ്പിടുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

(ബി) ആർ. സി. സിയിലെ നിലവിലുള്ള റേഡിയോളജി വിഭാഗത്തിൽ ആധുനിക വൽക്കരണം നടപ്പിലാക്കുമോ ; എൻ. ആർ. എച്ച്. എം. പദ്ധതിയിൽപ്പെടുത്തി കാൻസർ രോഗനിർണ്ണയ പദ്ധതികൾ കൂടുതൽ വ്യാപകമാക്കാമോ ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എൻ. ആർ. എച്ച്. എം. പ്രോജക്ട് അംഗീകരിക്കാൻ നടപടി**

3867 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

ആംബുലൻസിന്റെ സേവനവുമായി ബന്ധപ്പെട്ട എൻ. ആർ. എച്ച്. എം-ന്റെ 2012-13 പി. ഐ. പി. യിൽ ഉൾപ്പെടുത്തി സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആർ.സി.സി യുടെ വികസനം**

**3868 ശ്രീ. എം.പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അർബുദ ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ആർ.സി.സി യിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആർ.സി.സി യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആർ.സി.സി യിൽ ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാം; ആയതിന് എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### പാൻമസാല നിരോധനം

3869 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻ മസാല നിരോധനം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചുവോ ;

(ബി) ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കടകളിൽ വേണ്ടവിധം പാൻമസാലയുടെ പരിശോധന നടത്താറുണ്ടോ;

(സി) ഏതെങ്കിലും പ്രദേശത്ത് നിരോധനം ലംഘിച്ച് പാൻമസാല വിറ്റതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പാൻമസാല, ഗുഡ്ക തുടങ്ങിയ പുകയില ഉത്പന്നങ്ങളുടെ വില്പന തടയുവാൻ നടപടി**

**3870 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ക്യാൻസർ ഉൾപ്പെടെ മാരകമായ രോഗങ്ങൾക്ക് കാരണമായ പാൻമസാല, ഗുഡ്ക തുടങ്ങിയ പുകയില ഉത്പന്നങ്ങളുടെ വില്പന തടയുവാനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

3871 **ശ്രീ. കെ. ശിവദാസൻ നായർ**
**,, പാലോട് രവി**
**,, റ്റി. എൻ. പ്രതാപൻ**
**,, സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ സമർപ്പിക്കുവാനും പരിഹാരം കാണുന്നതിലും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; വിശദമാക്കുമോ?

(ബി) ആയതിനായി ശാസ്ത്ര ലാബുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ?

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ഭക്ഷ്യസുരക്ഷ**

**3872** **ശ്രീ. ബെന്നി ബെഹനാൻ**
**,, വി. റ്റി. ബൽറാം**
**,, കെ. മുരളീധരൻ**
**,, വി. ഡി. സതീശൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) ഭക്ഷ്യ സുരക്ഷിതത്വ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് പറയുമോ;**

**(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ ഇത് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;**

**(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കക്കാറ്റിൽ അനുഭവപ്പെടുന്ന ശിശുമരണം</u>**

3873 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിലെ 'കക്കാറ്റിൽ' പ്രദേശത്ത് (21-ാം വാർഡ്) ചുരുങ്ങിയ കാലയളവിനുള്ളിൽ നിരവധി നവജാത ശിശുക്കൾ മരിക്കുകയും ഗർഭം അലസിപ്പോകുന്ന അവസ്ഥയുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രത്യേക പഠനസംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>വയനാട് ജില്ലയിൽ ഇങ്കുബേറ്റർ ഉള്ള ആശുപത്രികളുടെ വിശദാംശം</u>**

3874 **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിൽ ഇങ്കുബേറ്റർ സൗകര്യം ലഭ്യമാണ്;

(ബി) ജില്ലാ താലൂക്ക് ആശുപത്രികളിൽ ഇങ്കുബേറ്റർ സൗകര്യങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിനായി എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എരുവപ്ര സുഭദ്രയുടെ ചികിത്സ ചെലവ്**

**3875** **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഒതളൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലെ അറ്റന്റർ ഇ. എം. ശശികുമാറിന്റെ അമ്മ എരുവപ്ര സുഭദ്രയുടെ ചികിത്സ ചെലവ് റീഇംപേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മുറിഞ്ഞുപോയ സുഷ്മനയെ പുനർജീവിപ്പിക്കുന്നതിനുള്ള ഗവേഷണത്തിന്റെ വിശദാംശങ്ങൾ**

3876 ശ്രീ. എം. പി. അബ്ദുൾസമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുൾറഹിമാൻ രണ്ടത്താണി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറിഞ്ഞുപോയ സുഷുമ്നയെ പുനർജീവിപ്പിക്കുന്നതിനുള്ള ഗവേഷണത്തിൽ രണ്ടു ഡോക്ടർമാർ വിജയിച്ചതായും അവർ നിരവധിപേരെ ചികിത്സിച്ച് അനുകൂല റിസർട്ട് കിട്ടിയതായുമുള്ള അവകാശവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കണ്ടുപിടിത്തത്തിന് പേറ്റന്റ് ലഭിച്ചിട്ടുണ്ടോ;

(സി) ഇതേക്കുറിച്ച് സർക്കാർ വിദഗ്ദ്ധർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിനെ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ചികിത്സ ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ സർക്കാർ ആശുപത്രികളിൽ അത് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ**

3877 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് സർക്കാർ ആശുപത്രികളിൽ സംവിധാനം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആയതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ട്രോമാകെയർ സംവിധാനം സംസ്ഥാനം ആകെ വ്യാപിപ്പിക്കുവാൻ നടപടി**

**3878 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **2012-13 ബജറ്റിൽ സൂചിപ്പിച്ച പ്രകാരം ട്രോമാകെയർ സംവിധാനം സംസ്ഥാനം ആകെ വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;**

(ബി) **പാലക്കാട് ജില്ലയിലെ കല്ലടിക്കോട് പിഎച്ച്സി-യിൽ ഈ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;**

(സി) **മലയോര പ്രദേശവും പാലക്കാട് ടൗണിൽ നിന്നും 25 കി.മീറ്ററിലേറെ അകലെ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് പ്രത്യേക പരിഗണന നൽകുമോ?**

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**<u>'അക്ഷയ ടി. ബി പ്രോജക്ട്'</u>**

**3879 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ നടപ്പാക്കി വരുന്ന 'അക്ഷയ ടി. ബി പ്രോജക്ട്' സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### കഡാവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി

3880 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഡാവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ക്ഷയരോഗത്തിന്റെയും അനുബന്ധ രോഗങ്ങളുടെയും ചികിത്സ**

3881 **ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍**
**,, എന്‍. ഷംസുദ്ദീന്‍**
**,, സി. മോയിന്‍കുട്ടി**
**,, പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ക്ഷയരോഗത്തിന്റെയും അനുബന്ധ രോഗങ്ങളുടെയും ചികിത്സയ്ക്കും, അവയുടെ വ്യാപനം തടയുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങള്‍ എന്തെല്ലാമാണ്;

(ബി) ആയതിനായി പ്രവര്‍ത്തിക്കുന്ന സര്‍ക്കാര്‍ ആശുപത്രികളുടെ ശോചനീയാവസ്ഥ സംബന്ധിച്ച റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പരിഹരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ;

(സി) ക്ഷയരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കും ഏതെങ്കിലും ഏജന്‍സികളില്‍ നിന്നോ കേന്ദ്ര സര്‍ക്കാരില്‍ നിന്നോ പ്രത്യേക സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശം നല്‍കുമോ;

(ഡി) ശുചിത്വം അവശ്യം വേണ്ട ക്ഷയരോഗ ചികിത്സാ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കൊരട്ടി ലെപ്രസി ഹോസ്പിറ്റലിന്റെ വികസനം**

3882 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ലെപ്രസി ഹോസ്പിറ്റലിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ലെപ്രസി ആശുപത്രിയുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനു അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**കാസര്‍ഗോഡ് ജില്ലയിലെ എന്‍ഡോസള്‍ഫാന്‍ ബാധിതരുടെ ലിസ്റ്റ്**

**3883 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ എന്‍ഡോസള്‍ഫാന്‍ ബാധിതരുടെ ലിസ്റ്റ് പ്രകാരം നാളിതുവരെ എത്രപേരെ ഉള്‍പ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റില്‍ ഉള്‍പ്പെട്ട അനധികൃതരെ ഒഴിവാക്കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റില്‍ ഉള്‍പ്പെട്ടിട്ടും നാളിതുവരെ യാതൊരു സഹായവും ലഭിക്കാത്ത എത്ര പേര്‍ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ജീവിത ശൈലീ രോഗങ്ങൾ**

**3884** ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ കാരണം മരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത രോഗങ്ങളുടെ നിയന്ത്രണത്തിനും ചികിത്സയ്ക്കും എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ആന്റി റാബീസ് സിറം</u>

3885 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പേ വിഷബാധക്കുളള ആന്റി റാബീസ് സിറം ആവശ്യത്തിന് ലഭ്യമല്ലെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മരുന്ന് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുളളതെന്ന് പറയാമോ;

(സി) സംസ്ഥാനത്ത് മരുന്നുകൾ യഥാസമയം സ്റ്റോക്ക് ചെയ്യുന്നത് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(ഡി) മരുന്നുകൾ മുൻകൂട്ടി സ്റ്റോക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>കമ്മ്യൂണിറ്റി ഡയാലിസിസ് യൂണിറ്റുകൾ</u>**

**3886** **ശ്രീ. ഷാഫി പറമ്പിൽ**
**,, സി. പി. മുഹമ്മദ്**
**,, വർക്കല കഹാർ**
**,, ഹൈബി ഈഡൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;**

**(ബി) കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;**

**(സി) എല്ലാ സർക്കാർ ആശുപത്രികളിലും ആയതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;**

**(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>**

**3887 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വൃക്കരോഗ സാധ്യതയുള്ളവരുടെ എണ്ണം അപകടകരമായ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) രോഗസാധ്യത വർദ്ധിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പ്രാക്ടിക്കൽ അപ്രോച്ച് ടു ലംഗ് ഹെൽത്ത് (പാൽ) പദ്ധതി**

**3888** **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ വർദ്ധിച്ചുവരുന്ന ശ്വാസകോശ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പ്രാക്ടിക്കൽ അപ്രോച്ച് റ്റു ലംഗ് ഹെൽത്ത് (പാൽ) പദ്ധതി ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൊണ്ട് രോഗത്തെ എത്രത്തോളം നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(സി) നാദാപുരം താലൂക്ക് ആശുപത്രിയിൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

ഒപ്പോസിഷണൽ ഡെഫിയന്റ് ഡിസോർഡർ

3889 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒപ്പോസിഷണൽ ഡെഫിയന്റ് ഡിസോർഡർ (ODD) വർദ്ധിച്ചു വരുന്നു എന്ന പഠനങ്ങൾ തെളിയിക്കുന്നതായി മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഗൗരവത്തിൽ പരിഗണിക്കാൻ തയ്യാറാകുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ;

(സി) കുട്ടികളിൽ വർദ്ധിച്ചു വരുന്ന ഓ.ഡി.ഡി, സ്ട്രെസ്സ് മുതലായ പ്രശ്നങ്ങൾക്ക് വിദ്യാലയങ്ങളിലൂടെ കൗൺസിലിംഗും മറ്റ് പരിചരണവും നൽകാനുതകുന്ന വിധത്തിൽ ക്ലിനിക്കൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) നിലവിൽ ആരോഗ്യവകുപ്പിൽ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്ത് സംവിധാനം ആണ് ഉള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**'എന്റെറോവൈറസ് 71'**

3890 ശ്രീ. സി. മോയിൻകുട്ടി
,, റ്റി.എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എം. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപൂർവ്വമായ 'എന്റെറോവൈറസ് 71' ന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ:

(ബി) പ്രസ്തുത വൈറസ് ഏതു വിധത്തിൽ കേരളത്തിൽ എത്തിപ്പെട്ടു എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത വൈറസ്ബാധ മൂലം ഉണ്ടാകാവുന്ന അപകടങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ സാന്നിദ്ധ്യം എവിടെയൊക്കെ കണ്ടെത്തിയിട്ടുണ്ട് ;

(ഇ) ആയതിന്റെ വ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സാംക്രമികരോഗങ്ങളുടെ സംക്രമണം**

**3891 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ സാംക്രമികരോഗങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വരുന്നവർ കൊണ്ടുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(സി) പ്രസ്തുത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യം നിരീക്ഷിക്കാനും പ്രതിവിധികൾ എടുക്കാനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വര്‍ഷകാല - ജലജന്യരോഗങ്ങള്‍**

**3892** **ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷകാല - ജലജന്യ രോഗങ്ങള്‍ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുമോ;

(ബി) തിളപ്പിക്കാത്തതും പച്ചവെള്ളം കലര്‍ത്തിയതുമായ വെള്ളം ഹോട്ടലുകളില്‍ നിന്നും ജനങ്ങള്‍ക്ക് നല്‍കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇത് തടയുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പകർച്ചപനി തടയാൻ ബോധവൽക്കരണം**

3893 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചപനി പടരുന്ന സാഹചര്യത്തിൽ വാർഡ്തലത്തിൽ ആരോഗ്യബോധവൽക്കരണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ത്രിതലപഞ്ചായത്ത്തലത്തിൽ എന്ത് സഹായങ്ങളാണ് നൽകിയത് ;

(സി) ഇവ ശരിയായ വിധത്തിൽ വിനിയോഗിച്ചിരിക്കുന്നുവെന്നറിയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പകര്‍ച്ചപനിക്കെതിരെ മണ്ഡലാടിസ്ഥാനത്തില്‍ മെഡിക്കല്‍ ക്യാമ്പുകള്‍**

3894 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റടുത്തശേഷം സംസ്ഥാനത്ത് പകര്‍ച്ചപ്പനിമൂലം എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) പകര്‍ച്ചപ്പനി വ്യാപകമായതിനാല്‍ നിയോജക മണ്ഡലാടിസ്ഥാനത്തില്‍ അടിയന്തിര മെഡിക്കല്‍ ക്യാമ്പുകള്‍ സംഘടിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### പകർച്ച വ്യാധികൾ തടയുന്നതിന് നടപടി

3895 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി, ചിക്കൻഗുനിയാ, ഡെങ്കിപ്പനി, ജപ്പാൻജ്വരം, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്ക് പുറമേ ഇപ്പോൾ മലമ്പനിയും കേരളത്തിൽ വ്യാപകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പകർച്ച വ്യാധികൾ തടയുന്നതിനും, നിയന്ത്രിക്കുന്നതിനും ഏന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

(സി) എല്ലാ ജില്ലകളിലെയും ജില്ല, താലൂക്ക്, കമ്മ്യൂണിറ്റി ആശുപത്രികളിൽ പകർച്ച വ്യാധികളുടെ ചികിത്സക്കും രക്തപരിശോധനക്കും മറ്റുമായി പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുവാൻ നടപടി**

3896 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ജില്ലയിൽ ഡെങ്കിപ്പനി, എലിപ്പനി, ജപ്പാൻജ്വരം, മലേറിയ എന്നീ രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു ; വിശദീകരിക്കാമോ ;

(ഡി) വാർഡ്തല സാനിട്ടേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് നൽകി വരുന്ന സാമ്പത്തിക സഹായം എത്രയാണ് ; ഇത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ എച്ച്1 എൻ1 ബാധിതർ**

**3897**

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ വർഷം എച്ച്1 എൻ1 രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗം പടരാതിരിക്കുന്നതിനുള്ള എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ മഴക്കാലരോഗ പ്രതിരോധ നടപടികൾ**

3898 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സർക്കാർ ആശുപത്രികളിലും മഴക്കാലരോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കായംകുളം നഗരസഭയിൽ 'ആശാ' - പ്രവർത്തകരുടെ ഒഴിവുകൾ**

**3899**

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ എത്ര 'ആശാ' പ്രവർത്തകരുടെ ഒഴിവുകൾ ഉണ്ട്;

(ബി) തെരഞ്ഞെടുക്കപ്പെട്ട എല്ലാ വാർഡുകളിലും 'ആശാ' പ്രവർത്തകർ നിലവിൽ സജീവമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴി പകർച്ച വ്യാധി നിയന്ത്രണ പരിപാടികൾക്കായി കായംകുളം നഗരസഭയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അഡ്ഹോക്ക് നിയമനരീതി പ്രകാരം നിയമിക്കപ്പെട്ട മെഡിക്കല്‍ ഓഫീസര്‍മാര്‍**

**3900** ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ വകുപ്പില്‍ അഡ്ഹോക്ക് നിയമനരീതി പ്രകാരം എത്ര മെഡിക്കല്‍ ഓഫീസര്‍മാരെ നിയമിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) പി.എസ്.സി മുഖേന സ്ഥിരം നിയമനം ലഭിക്കുന്ന മെഡിക്കല്‍ ഓഫീസര്‍ക്കു നല്‍കുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും അഡ്ഹോക്ക് നിയമനം ലഭിക്കുന്നവര്‍ക്കും നല്‍കുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(സി) അഡ്ഹോക്ക് നിയമനം ലഭിച്ച മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് റൂറല്‍ അലവന്‍സ് ലഭിക്കുന്നില്ല എന്നതു സംബന്ധിച്ച് നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ ;

(ഡി) ആരോഗ്യ വകുപ്പില്‍ മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് ക്ഷാമം നേരിടുമ്പോള്‍ അവകാശപ്പെട്ട ആനുകൂല്യം പോലും നല്‍കാതിരിക്കുന്നത് ചൂണ്ടിക്കാണിച്ച് നല്‍കിയ നിവേദനത്തില്‍ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ്, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ഉത്തരവിറക്കുകയും പ്രസ്തുത ഉത്തരവ് അക്കൗണ്ടന്റ് ജനറലിനു കൈമാറി അഡ്ഹോക്ക് നിയമനം കിട്ടിയ മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് പേ സ്ലിപ്പ് നല്‍കുവാനും സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പൊതുജനാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ**

**3901 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം മൂലം സംജാതമാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലം കേന്ദ്രീകരിച്ച് സർവ്വേ നടത്തുന്നതിനും ഇവർക്ക് പ്രത്യേകമായി ഹെൽത്ത് കാർഡ് നൽകുന്നതിനും, നിശ്ചിത കാലയളവിൽ മോണിറ്ററിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആരോഗ്യ മേഖലയിൽ അലോപ്പതി ഡോക്ടർമാരുടെ ഒഴിവുകളുടെ വിശദാംശം**

**3902** ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എത്ര അലോപ്പതി ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് പറയാമോ;

(ബി) മഴക്കാലരോഗങ്ങളും പകർച്ചവ്യാധികളും പിടിപെടാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഡോക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര പരിഗണന നൽകുമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ ഒഴിവുകൾ</u>**

**3903**

**ശ്രീ. മുല്ലക്കര രത്നാകരൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ മെഡിക്കൽ, പാരാമെഡിക്കൽ, മിനി സ്റ്റീരിയൽ വിഭാഗങ്ങളിലുള്ള ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട്</u>**

**3904 ശ്രീ. മുല്ലക്കര രത്നാകരൻ**

**താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടും അതിനാവശ്യമായിട്ടുള്ള സൗകര്യങ്ങളും സജ്ജീകരണങ്ങളും ഇനിയും ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് എൻ.ആർ.എച്ച്.എം.മുഖേനയുള്ള ഫണ്ട് അനുവദിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളുമോ ?**

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**<u>കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പനി ബാധിതർക്ക് പ്രത്യേക ചികിത്സാ സംവിധാനം</u>**

**3905**

**ശ്രീ. മുല്ലക്കര രത്നാകരൻ**

**താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പനി ബാധിതരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊളളുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോങ്ങാട് മണ്ഡലത്തിൽ സ്കൂൾ ഹെൽത്ത് പദ്ധതി**

**3906** **ശ്രീ. കെ. വി. വിജയദാസ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ)** **2012-13 ബജറ്റിൽ സൂചിപ്പിച്ച സ്കൂൾ ഹെൽത്ത് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;**

**(ബി)** **കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;**

**(സി)** **ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

'ജ്യോതിസ്സ്' ലാബുകൾ

3907 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വക എത്ര 'ജ്യോതിസ്സ്' ലാബുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ആയതിൽ എത്ര എണ്ണം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട് ;

(സി) സംസ്ഥാനത്ത് എവിടെയെങ്കിലും പ്രൈമറി ഹെൽത്ത് സെന്ററുകളോട് ചേർന്ന് 'ജ്യോതിസ്സ്' കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയൊക്കെ ; വിശദമാക്കുമോ ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം**

3908 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളോടനുബന്ധിച്ചും, സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകളുടെപ്രവർത്തനം നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ബി) ബ്ലഡ് ബാങ്കിന്റേയും, ശേഖരിക്കുന്ന രക്തത്തിന്റേയും ശുചിത്വം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(സി) രക്തദാതാക്കളുടെ എണ്ണത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ആവശ്യത്തിന് രക്തശേഖരം ഇല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവശ്യഘട്ടങ്ങളിൽ രക്തം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായ സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>അനലിറ്റിക്കൽ ലബോറട്ടറികൾ</u>

3909 ശ്രീ. ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം ലാബുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ആധുനികവൽക്കരണത്തിന് ലഭിക്കുന്നത്?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം</u>**

**3910 ശ്രീ. പി. ഉബൈദുള്ള**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

**(ബി) രോഗികളെ വിവിധ തരത്തിൽ ചൂഷണം ചെയ്ത് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാനും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും പ്രത്യേക സംവിധാനങ്ങൾ കൊണ്ടുവരുമോ;**

**(സി) രജിസ്ട്രേഷൻ ഫീസ് ഏകീകരണം, മെച്ചപ്പെട്ട ആരോഗ്യ സേവനം, തൊഴിലാളികൾക്കുള്ള മാന്യമായ വേതനം എന്നിവ ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിയമങ്ങൾ കൊണ്ടുവരുന്നകാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>വെള്ളായണി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടി</u>

**3911 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചത് എന്നാണ് ;

(ബി) എന്നുമുതലാണ് അവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ തുടങ്ങിയത് ;

(സി) നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ഇ) പ്രസ്തുത പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ വീണ്ടും കിടത്തി ചികിത്സിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ കിടത്തി ചികിത്സയുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ**

3912 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് നിലവിൽ കിടത്തി ചികിത്സയുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ കിടത്തി ചികിത്സ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പേരാമ്പ്ര താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ**

3913 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ അനുവദിച്ച കിടക്കകളുടെ എണ്ണം എത്രയാണ്;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പദവി ഉയർത്തപ്പെട്ടശേഷം കിടക്കകളുടെ എണ്ണത്തിലുള്ള മാറ്റത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഏതെല്ലാം തസ്തികകളെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ ചികിത്സക്കെത്തുന്നതായാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) രോഗികളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് താലൂക്ക് ആശുപത്രികളിലെ കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാർ**

**3914 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലുള്ള ഏതെല്ലാം ആശുപത്രികളിൽ എൻ.ആർ.എച്ച്.എം വഴി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിർബന്ധിത ഗ്രാമീണ സേവനത്തിന് നിയോഗിച്ച ഡോക്ടർമാർ കുട്ടനാട്ടിലെ ഏതെല്ലാം ആശുപത്രികളിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) ടി ഡോക്ടർമാർക്കെതിരെ എന്ത് വകുപ്പുതല നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ</u>**

**3915 ശ്രീ. സി. കെ. സദാശിവൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) യാത്രാ സൗകര്യങ്ങൾ കുറവുള്ള ദ്വീപു നിവാസികൾക്ക് ആശ്വാസകേന്ദ്രമായ 'ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ' ളുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ;**

**(ബി) ഇതിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ തസ്തികകൾ**

**3916** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിൽ ഏതെല്ലാം തസ്തികകളാണുളളത്;

(ബി) ആയതിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; വിശദമാക്കുമോ;

(സി) ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ കുറവ്**

3917 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാവുന്നുണ്ടെന്ന് പറയുമോ;

(ബി) രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ രാത്രിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചടയമംഗലം നിയോജകമണ്ഡലത്തിലെ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

**3918**

**ശ്രീ. മുല്ലക്കര രത്നാകരൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**ചടയമംഗലം നിയോജക മണ്ഡലത്തിലെ വെളിനല്ലൂർ പി.എച്ച് സെന്റർ, ചടയമംഗലം പി. എച്ച് സെന്റർ, മടത്തറ പി.എച്ച് സെന്റർ എന്നിവടങ്ങളിലെ ഡോക്ടർമാരുടെ കുറവു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്ററിനും ആയുർവേദാശുപത്രിക്കും കെട്ടിടം</u>

3919 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്ററിനും ആയുർവേദാശുപത്രിക്കും കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വെളിപ്പെടുത്തുമോ?

(സി) ആയതിന്നായി ഈ സാമ്പത്തിക വർഷം എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>വടകര ഓർക്കാട്ടേരി കമ്മ്യൂണിറ്റി</u>**
**<u>ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം</u>**

**3920** **ശ്രീ. സി. കെ. നാണു**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ)** **വടകര ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ നിലവിൽ കിടത്തി ചികിത്സിക്കുന്നുണ്ടോ ;**

**(ബി)** **ഇല്ലെങ്കിൽ ഡോക്ടർമാരും മറ്റ് സൗകര്യങ്ങൾ ഉണ്ടായിട്ടും പനിപടരുന്ന അവസരത്തിൽ കിടത്തി ചികിത്സിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ ഓമാനൂർ പി.എച്ച്.സി യിലെ സ്റ്റാഫ് പാറ്റേൺ**

3921 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഓമാനൂർ പി.എച്ച്.സി യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയത് എന്നാണെന്ന് പറയാമോ;

(ബി) എങ്കിൽ ഇവിടെ നിലവിൽ എത്ര ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(സി) ഇതിൽ എത്രപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാവശ്യമായ തസ്തികകൾ ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(ഇ) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് വരെ എൻ.ആർ. എച്ച്.എം മുഖേന ഡോക്ടർമാരേ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുവാൻ നടപടി**

3922

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനിയും മറ്റ് പകർച്ചവ്യാധികളും വ്യാപകമായികൊണ്ടിരിക്കുന്നതിനാൽ വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം പഞ്ചായത്തിലെ ജനങ്ങൾ ചികിത്സ കിട്ടാതെ വിഷമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ ഇതുവരെ ഒരു പ്രൈമറി ഹെൽത്ത് സെന്റർ പോലും സ്ഥാപിക്കുവാൻ തയ്യാറായിട്ടില്ല എന്ന വിവരം അറിയാമോ;

(സി) പ്രസ്തുത ആശുപത്രി അനുവദിക്കുന്നതിന് എന്നേക്ക് സാധ്യമാകുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം**

**3923** **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഓരോ ദിവസവും പരിശോധനയ്ക്കെത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് പറയാമോ;

(ബി) നിലവിലുള്ള ഡോക്ടർമാരുടെ സേവനം അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോരായ്മ പരിഹരിക്കുന്നതിനായി ആവശ്യമായ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മൂര്‍ക്കനാട് പി. എച്ച്. സി.</u>**

**3924 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:**

**(എ) മൂര്‍ക്കനാട് പി. എച്ച്. സി. - സി. എച്ച്.സി ആക്കി ഉയര്‍ത്തണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

**(ബി) ഉണ്ടെങ്കില്‍ മൂര്‍ക്കനാട് പി. എച്ച്. സി, സി. എച്ച്.സി ആക്കി ഉയര്‍ത്തുന്നതിന്റെ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിലെ കുറുവയിൽ പുതിയ പി. എച്ച്. സി.</u>

3925 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കുറുവയിൽ പുതിയ പി. എച്ച്. സി. ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രദേശവാസികൾക്ക് ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് പുതിയ പി. എച്ച്. സി. ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

**<u>മാവേലിക്കര മണ്ഡലത്തിലെ സി. എച്ച്. സി., പി. എച്ച്. സി. കളിലെ ജീവനക്കാരുടെ കുറവ്</u>**

**3926 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ സി. എച്. സി., പി. എച്ച്. സി.കളിൽ മതിയായ ജീവനക്കാരില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സി. എച്ച്. സി., പി. എച്ച്. സി. കളിലെ കണക്ക് ലഭ്യമാക്കുമോ; ഡോക്ടർമാരുടെയും, നഴ്സുമാരുടെയും കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**പ്രാഥമിക ആരോഗ്യ കേന്ദ്രം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുള്ള നടപടി**

**3927 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം നിലവിലില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) പ്രാഥമിക ആരോഗ്യ കേന്ദ്രം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഒളവണ്ണ സി.എച്ച്.സി, കുന്ദമംഗലം പി.എച്ച്.സി. എന്നിവിടങ്ങളിലെ കിടത്തി ചികിത്സാസൗകര്യം**

3928 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ഒളവണ്ണ സി.എച്ച്.സി, കുന്ദമംഗലം പി.എച്ച്.സി. എന്നിവിടങ്ങളിൽ മുൻപ് കിടത്തി ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോ ; വ്യക്തമാക്കാമോ ;

(ബി) ഈ സൗകര്യം പുനരാരംഭിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രി വികസന സമിതികളും തീരുമാനിച്ചിരുന്നുവോ ;

(സി) ഇങ്ങനെ തീരുമാനിച്ച ശേഷം അവിടെയുണ്ടായിരുന്ന നഴ്സുമാരെ പിൻവലിച്ചിട്ടുണ്ടോ ;

(ഡി) ആയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഇടങ്ങളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മുടക്കുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ ഇല്ലാത്ത അവസ്ഥ**

**3929** ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ മുടക്കുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ ഇല്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്ന് പറയാമോ;

(ബി) പകർച്ച വ്യാധികൾ വ്യാപകമായ ഘട്ടത്തിൽ ഡോക്ടർമാരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ**
**ആശുപത്രികളിലെ തസ്തികകൾ**

3930 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളി പിഎച്ച്സി ആദിച്ചനെല്ലൂർ പിഎച്ച്സി, ചാത്തന്നൂർ പിഎച്ച്സി, പൊഴിക്കര പിഎച്ച്സി, എന്നീ സ്ഥാപനങ്ങളിൽ നിലവിലെ ജീവനക്കാരുടെ അനുവദനീയ തസ്തിക എത്രയാണെന്ന് പ്രത്യേകമായി അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഓരോ സ്ഥലത്തും ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പനിയും ഇതര രോഗങ്ങളും പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ഒഴിവായികിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലെ സ്പെഷ്യാലിറ്റി തസ്തികകൾ**

**3931 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്നും, ഏതൊക്കെ താലൂക്ക് ആശുപത്രികളിലെന്നും അറിയിക്കുമോ ;

(ബി) നിലവിൽ പുതുതായി മേൽപ്പറഞ്ഞ തസ്തികകൾ അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളോ/സമിതിയോ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ സമിതി അംഗങ്ങൾ ആരൊക്കെയാണെന്നുള്ള വിശദാംശം അറിയിക്കുമോ ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ തസ്തികയുടെ ആവശ്യകത കാണിച്ച് നിവേദനം ലഭിച്ചിരുന്നുവോ ; പ്രസ്തുതകാര്യത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് അനുകൂല നടപടി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഫറോക്ക് താലൂക്ക് ആശുപത്രിയിലെ തസ്തികകൾ**

**3932 ശ്രീ. എളമരം കരീം**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഫറോക്ക് താലൂക്ക് ആശുപത്രിയിലേക്ക് അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>സര്‍ക്കാര്‍ ആശുപത്രികളുടെ മാസ്റ്റര്‍ പ്ലാന്‍</u>**

**3933 ശ്രീ. എം. പി. വിന്‍സെന്റ്**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

**(എ)** സംസ്ഥാനത്തെ എല്ലാ പ്രധാന സര്‍ക്കാര്‍ ആശുപത്രികളുടെയും മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്നതിന് പദ്ധതി പരിഗണനയിലുണ്ടോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

**(സി)** കേരളത്തില്‍ പുതിയതായി എത്ര മെഡിക്കല്‍ കോളേജുകള്‍ സര്‍ക്കാര്‍ മേഖലയില്‍ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

**(ഡി)** ആര്‍. സി. സി. യുടെ ഒരു മേഖലാകേന്ദ്രം വടക്കന്‍ കേരളത്തില്‍ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സർക്കാർ നേഴ്സിംഗ് കോളേജുകളിൽ അസോസ്യേറ്റ് പ്രൊഫസർ തസ്തികയിലുള്ള ഒഴിവുകൾ**

**3934 ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള 5 സർക്കാർ നേഴ്സിംഗ് കോളേജുകളിലായി അസോസ്യേറ്റ് പ്രൊഫസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തത് ; ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ;

(സി) സർക്കാർ നേഴ്സിംഗ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തകയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സീനിയറായിട്ടുള്ളവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ആരുടെയെങ്കിലും സി.ആർ ലഭിയ്ക്കാത്തതായുണ്ടോ ;

(ഇ) അസോസ്യേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള ഡി.പി.സി. ചേരുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഡി.പി.സി. ചേരുന്നതിന് തടസ്സം എന്തെങ്കിലുമുണ്ടോ ; തടസ്സമുണ്ടെങ്കിൽ അറിയിക്കുമോ ;

(എഫ്) ഡി.പി.സി. ചേർന്നശേഷം എത്ര മാസത്തിനുള്ളിൽ അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസോസ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാൻ സാധിയ്ക്കുമെന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**<u>ബലരാമൻ കമ്മിറ്റി റിപ്പോർട്ട്</u>**

**3935**

**ശ്രീ. റ്റി. വി. രാജേഷ്**

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?**

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം</u>

3936 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം നിലവിൽ എത്ര മണിക്കൂറാണെന്ന് പറയുമോ;

(ബി) പ്രസ്തുത വിഭാഗം നഴ്സുമാരുടെ ജോലി സമയം കുറയ്ക്കുന്നതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>നഴ്സുമാരുടെ 8 മണിക്കൂർ ഡ്യൂട്ടി രീതി</u>

3937

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഴ്സുമാരുടെ 8 മണിക്കൂർ ഡ്യൂട്ടി എന്ന രീതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിൽ; വിശദമാക്കുമോ;

(സി) ഇനിയും നടപ്പാക്കാത്ത ആശുപത്രികൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) എങ്കിൽ എല്ലായിടത്തേക്കും ഈ രീതി നടപ്പാക്കുമോ; വിശദമാക്കാമോ;

(ഇ) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>മലപ്പുറം ജില്ലയിലെ നഴ്സുമാരുടെ ഒഴിവുകൾ</u>**

**3938 ഡോ. കെ. ടി. ജലീൽ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എത്ര നഴ്സുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;**

**(ബി) എൻ.ആർ.എച്ച്.എം പദ്ധതി മുഖേന ഈ ഒഴിവിലേക്ക് നഴ്സുമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പയ്യന്നൂര്‍ താലൂക്ക് ആശുപത്രിയില്‍ നേഴ്സസ് ഹോസ്റ്റല്‍ നിര്‍മ്മിക്കാന്‍ നടപടി**

**3939** ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ താലൂക്ക് ആശുപത്രിയില്‍ നേഴ്സസ് ഹോസ്റ്റല്‍ നിര്‍മ്മിക്കാന്‍ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേല്‍ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പയ്യന്നൂര്‍ താലൂക്ക് ആശുപത്രിയില്‍ നേഴ്സസ് ഹോസ്റ്റല്‍ നിര്‍മ്മിക്കാന്‍ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തുടങ്ങാൻ നടപടികൾ**

**3940** ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുള്ളത് ഏതൊക്കെ ജില്ലകളിലാണ് ;

(ബി) മറ്റ് ജില്ലകളിലും കൂടി ഇത്തരത്തിലുള്ള ആശുപത്രികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ വർഷം ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത ആശുപത്രി തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും പറയാമോ ; ഇവയുടെ നിർമ്മാണ പ്രവർത്തനത്തിന് മാറ്റിവച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ഡി) ഇപ്രകാരം തുടങ്ങാൻ ഉദ്ദേശിക്കുന്ന ആശുപത്രികളിൽ ഏതൊക്കെ വിധത്തിലുള്ള സൗകര്യങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(ഇ) ഇത്തരത്തിലുള്ള ആശുപത്രി കെട്ടിടങ്ങളുടെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത് ;

(എഫ്) നിലവിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>എസ്.എ.ടി. ആശുപത്രിയിൽ അണുബാധയേറ്റ ശിശുക്കളുടെ എണ്ണം</u>**

**3941 ശ്രീ. ബാബു എം. പാലിശ്ശേരി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എത്ര ശിശുക്കൾക്ക് അണുബാധയേറ്റിട്ടുണ്ട്;**

**(ബി) സംസ്ഥാനത്തെ മറ്റ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശിശുക്കൾക്ക് അണുബാധയേറ്റ സംഭവം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;**

**(സി) ഉണ്ടെങ്കിൽ എത്ര എണ്ണം വീതമാണ് ഓരോ ആശുപത്രിയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം</u>

3942 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വില നിയന്ത്രിക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വ്യാപിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) എത്ര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് പറയുമോ;

(ഡി) പ്രസ്തുത ഫാർമസികളിൽ എത്ര ശതമാനം വിലക്കുറവാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വിഴിഞ്ഞത്തും പുല്ലുവിളയിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി**

3943 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, പുല്ലുവിള എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുമായി ബന്ധപ്പെട്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മരുന്ന് വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുളള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ;

(സി) പ്രസ്തുത ഹെൽത്ത് സെന്ററുകളിൽ എന്നത്തേക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മോഡൽ കമ്മ്യൂണിറ്റി ഫാർമസികളുടെ പദ്ധതി**

3944 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോഡൽ കമ്മ്യൂണിറ്റി ഫാർമസികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഫാര്‍മസിസ്റ്റ് ഗ്രേഡ് II-ന്റെ പി.എസ്.സി. റാങ്ക് ഹോള്‍ഡേഴ്സ് അസോസിയേഷന്റെ നിവേദനം**

**3945 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഫാര്‍മസിസ്റ്റ് ഗ്രേഡ് II-ന്റെ പി.എസ്.സി. റാങ്ക് ഹോള്‍ഡേഴ്സ് അസോസിയേഷന്‍ നിവേദനം നല്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തില്‍ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങള്‍ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) ആയതിന്മേല്‍ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഫാർമസിസ്റ്റ് തസ്തികകൾ**

3946 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനകം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ ഫാർമസിസ്റ്റ് തസ്തികകൾ വളരെ കുറവാണെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2012 -ലെ മറുപടിക്ക്

## ഐ.എസ്.എം. വകുപ്പിലെ ഫാർമസി തസ്തിക - ബൈട്രാൻസ്ഫർ നിയമനം

3947 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 19.11.2008-ൽ ഐ.എസ്.എം.വകുപ്പിൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് വകുപ്പിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ ഫാർമസി തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ പ്രമോഷന് എത്ര ശതമാനം ആണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇപ്രകാരം എത്ര ശതമാനം പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട് ; ഇതിൽ പൂർണ്ണമായും ശതമാനം പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(സി) മതിയായ യോഗ്യതയുള്ള ജീവനക്കാർ വകുപ്പിൽ ഇല്ലെങ്കിൽ റേഷ്യോ പാലിക്കുന്നതിനായി വകുപ്പിലുള്ള ജീവനക്കാർക്കായി പ്രത്യേക ബാച്ച് കോഴ്സ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പൊന്നാനി മേഖലയിലേയ്ക്ക് ഫീൽഡ് വർക്കർമാരെ നിയമിക്കുവാൻ നടപടി**

3948 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ മന്ത് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിലെ വെക്ടർ കൺട്രോൾ യൂണിറ്റ് അടച്ചുപൂട്ടുകയും ഫീൽഡ് ജീവനക്കാരെ സ്ഥലം മാറ്റുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഒഴിവാക്കിയ വെക്ടർ കൺട്രോൾ യൂണിറ്റ് അടിയന്തിരിമായി തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) 41 ലക്ഷത്തിലധികം ജനങ്ങളുള്ള മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിൽ 20 ഫീൽഡ് വർക്കർ തസ്തിക മാത്രമേ ഉള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കൂടുതൽ ഫീൽഡ് വർക്കർ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പൊന്നാനി മേഖലയിലേയ്ക്ക് ഫീൽഡ് വർക്കർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ റാമ്പ് സൗകര്യം**

**3949**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ റാമ്പ് സൗകര്യം ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണവേളയിൽ എന്തു കാരണത്താലാണ് റാമ്പ് നിർമ്മിക്കാതെ പോയതെന്ന് പറയാമോ;

(സി) റാമ്പ് നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ്</u>**

**3950 ശ്രീ. സി. കൃഷ്ണൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മുഖേന നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് ലിഫ്റ്റ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;**

**(ബി) പ്രസ്തുത അപേക്ഷയിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സൊസൈറ്റി വഴി പാവപ്പെട്ടവർക്ക് ധനസഹായം**

**3951 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിന് സൊസൈറ്റി വഴി ധനസഹായം ആവശ്യപ്പെട്ട് 2011 ജൂൺ 1 മുതൽ 2012 മെയ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചു ; അതിൽ എത്ര പേർക്ക് ആനുകൂല്യം അനുവദിച്ചു ; ജില്ല തിരിച്ചുളള കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം രോഗങ്ങൾക്കായുളള ചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് നീക്കിവയ്ക്കപ്പെട്ട തുക അപര്യാപ്തമാണെന്ന് ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ അധിക തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I, ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ</u>**

**3952 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**'108' ആംബുലൻസുകളുടെ അറ്റകുറ്റപ്പണി**

**3953 ശ്രീമതി പി. അയിഷാ പോറ്റി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) 108 ആംബുലൻസുകളുടെ നടത്തിപ്പ് ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്;**

**(ബി) 108 ആംബുലൻസിന്റെ പ്രതിമാസ നടത്തിപ്പിന് ചെലവാകുന്ന തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ;**

**(സി) 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

3954 ശ്രീ. ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം ആലോചിക്കുമോ ;

(സി) മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് പാക്കേജ് നടപ്പാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ആരോഗ്യവകുപ്പിലെ ജീവനക്കാരെ സെൻസസ്, സർവേ തുടങ്ങിയ ജോലികളിൽ നിയോഗിക്കൽ</u>**

**3955 ശ്രീ. കെ.കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ ജീവനക്കാരെ സെൻസസ്, സർവേ തുടങ്ങിയ ജോലികൾക്ക് നിയോഗിക്കുന്നതിനാൽ പകർച്ച വ്യാധികളും മറ്റും യഥാസമയം റിപ്പോർട്ട് ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരെ പകർച്ച വ്യാധികൾ പടരുന്ന സാഹചര്യത്തിൽ സർവ്വേയ്ക്ക് നിയോഗിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആരോഗ്യവകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഒഴിവ്**

3956 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എത്ര തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) യഥാസമയം പ്രമോഷനുകൾ നടക്കാത്തതിനാൽ നിലവിലുളള പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനം നഷ്ടപ്പെടാൻ സാദ്ധ്യതയുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ നാല് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം</u>**

**3957** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
**,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**,, രാജു എബ്രഹാം**
**,, എസ്. രാജേന്ദ്രൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) സർക്കാർ മുൻവർഷം സ്ഥാപിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ നാല് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;**

**(ബി) ഇതിലേക്ക് ആവശ്യമായി വരുന്ന മൊത്തം ചെലവ് എത്ര കോടി രൂപയാണ്; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായിയെന്ന് പറയുമോ;**

**(സി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ; ആയത് ലഭിച്ചോ;**

**(ഡി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി പ്രഖ്യാപിച്ച തുക എത്രയായിരുന്നു; അതിൽ എന്തു തുക ചെലവായിയെന്ന് അറിയിക്കുമോ;**

**(ഇ) ഈ വർഷം മൊത്തം ചെലവിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വകയിരുത്തിയത് എത്രയാണെന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പുതിയ മെഡിക്കൽ കോളേജുകൾ**

**3958 ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നുണ്ടെന്ന് പറയുമോ; ഇവ ഏതൊക്കെ ജില്ലയിലാണ്; മെഡിക്കൽ കോളേജുകളിലെ ജീവനക്കാരെ നിയമിക്കുന്നത് ആരോഗ്യ വകുപ്പിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചാണോയെന്ന് പറയുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും ഫാർമസികളും സ്റ്റോറുകളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള തീരുമാനം എന്ന് നടപ്പിൽവരുമെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ സോഫ്റ്റ്‌വെയർ തയ്യാറായി കഴിഞ്ഞോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മെഡിക്കൽ കോളേജുകളുടെ ശോചൃാവസ്ഥ**

**3959 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ അസൗകര്യങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ കോളേജുകളുടെ ശോചൃാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജുകളിൽ ലക്ചർ തിയേറ്റർ കോംപ്ലക്സ് ആരംഭിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി നീക്കിവച്ച തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗ്</u>**

**3960 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനിംഗിന് രോഗികൾ ആറ്മാസം കാത്തിരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു ; വിശദീകരിക്കുമോ ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര അൾട്രാ സൗണ്ട് സ്കാനിംഗ് മെഷിനുകൾ ഉണ്ട് ; ആയവ പ്രവർത്തനക്ഷമമാണോ ;

(ഡി) അൾട്രാ സൗണ്ട് സ്കാനിംഗ് എടുക്കുന്നതിന് രോഗികൾക്ക് കാലതാമസം ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കല്‍ കോളേജിന്റെ നിര്‍മ്മാണ പ്രവര്‍ത്തനം</u>

3961 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് മെഡിക്കല്‍ കോളേജ് പൂര്‍ണ്ണമായും സര്‍ക്കാര്‍ നിയന്ത്രണത്തിലാണോ വിഭാവനം ചയ്യുന്നതെന്ന് വിവരിക്കുമോ ;

(ബി) ആയതിന്റെ ഇപ്പോഴത്തെ നിര്‍മ്മാണ പ്രവര്‍ത്തന പുരോഗതി പറയാമോ ;

(സി) എത്രകാലത്തിനുള്ളില്‍ഉദ്ഘാടനം നിര്‍വ്വഹിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത മെഡിക്കല്‍ കോളേജ് എവിടെയാണ് ആരംഭിക്കുവാന്‍ ഉദ്ദേശിക്കുന്നത് ; ഇക്കാര്യത്തില്‍ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) എത്ര ഏക്കര്‍ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ**

3962

**ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര എന്നിവ തസ്തിക തിരിച്ച് അറിയിക്കുമോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ നഴ്സുമാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര എന്നിവ തരം തിരിച്ച് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് പുതുക്കിയ വേതനം</u>**

**3963 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ക്ലാസ്ഫോർ ജീവനക്കാർക്ക് 2.05.2011ലെ ഉത്തരവ് പ്രകാരം നിലവിൽ നൽകി വരുന്ന വേതനം എത്രയാണെന്ന് പറയാമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ വേതനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ വേതനം കോഴിക്കോട് മെഡിക്കൽ കോളേജിലെ ജീവനക്കാർക്കും നൽകുവാൻ നടപടികൾ സ്വീകരിക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ വൃക്കരോഗ ചികിത്സാ വിഭാഗം**

**3964**

### ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ എവിടെയെല്ലാം വൃക്കരോഗ ചികിത്സാ വിഭാഗം നിലവിലുണ്ട്;

(ബി) ഇവിടങ്ങളിൽ നെഫ്രോളജിസ്റ്റുകളുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാരണം വൃക്കരോഗ ചികിത്സാ വിഭാഗം ജില്ലാ ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഡയാലിസിസിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മെഡിക്കൽ കോളേജുകളിൽ ബി.എസ്.സി (ഒപ്ട്രോമെട്രി) കോഴ്സ്</u>**

**3965 ശ്രീ. റ്റി. എൻ. പ്രതാപൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ബി.എസ്.സി (ഒപ്ട്രോമെട്രി) കോഴ്സ് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത് ;

(ബി) തിരുവനന്തപുരം ആർ.ഐ.ഒ -യിൽ നിലവിലുണ്ടായിരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഹോസ്റ്റൽ മാറ്റി അവിടെ ബി.എസ്.സി (ഒപ്ട്രോമെട്രി) കോഴ്സ് ആരംഭിച്ചതുവഴി ഉണ്ടായ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) സർക്കാർ മേഖലയിൽ ആരംഭിച്ച ബി.എസ്.സി (ഒപ്ട്രോമെട്രി) കോഴ്സിന് എത്ര ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട് ; അവരുടെ പേര് വിവരം വ്യക്തമാക്കാമോ ;

(ഡി) ഇവരെ നിയമിക്കുന്നതിന് നിഷ്ക്കർഷിച്ച അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ;

(ഇ) സർക്കാർ മേഖലയിൽ ആരംഭിച്ച ബി.എസ്.സി (ഒപ്ട്രോമെട്രി) കോഴ്സിന് ഒപ്ട്രോമെട്രി വിഷയം പഠിപ്പിക്കുന്നതിനായി നിയമിച്ചിട്ടുളള ട്യൂട്ടർമാരുടെ ബിരുദവും ബിരുദാനന്തര ബിരുദവും ഏത് സർവ്വകലാശാലയിൽ നിന്നും നേടിയതാണ് ; ഈ ബിരുദങ്ങൾക്ക് കേരള സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുളളതാണോ ;

(എഫ്) ഇല്ലെങ്കിൽ ആയത് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ഗവൺമെന്റ് മെഡിക്കൽകോളേജിലെ റേഡിയോതെറാപ്പി ഡിപ്ലോമ കോഴ്സുകൾ</u>**

**3966 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജിലാണ് റേഡിയോതെറാപ്പി ഡിപ്ലോമ കോഴ്സുകൾ ഉള്ളതെന്ന് പറയാമോ ; ഓരോ മെഡിക്കൽ കോളേജിലും എത്ര സീറ്റുകൾ വീതമാണ് ഈ കോഴ്സിനുള്ളതെന്നും അറിയിക്കുമോ ;

(ബി) അറ്റോമിക് റെഗുലേറ്ററി അതോറിറ്റി പ്രസ്തുത കോഴ്സുകളുടെ അംഗീകാരം തടയുകയോ, റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) അറ്റോമിക് റെഗുലേറ്ററി അതോറിറ്റി ഇത്തരമൊരു നടപടി സ്വീകരിച്ചത് വ്യക്തമാക്കുമോ ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാക്കേണ്ടുന്ന വിവരങ്ങൾ യഥാസമയം അറ്റോമിക് റെഗുലേറ്ററി അതോറിറ്റിയ്ക്ക് ലഭ്യമാക്കാത്തതിനാലാണ് പ്രസ്തുത കോഴ്സിന്റെ അംഗീകാരം തടസ്സപ്പെടുത്തുവാനോ, റദ്ദാക്കുവാനോ ഇടയായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരമൊരു കോഴ്സിന്റെ അംഗീകാരം റദ്ദാക്കുവാൻ സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

**<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ മിനിമൽ ആക്സസ് സർജറി യൂണിറ്റ്</u>**

**3967**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി 'മിനിമൽ ആക്സസ് സർജറി' യൂണിറ്റ് തുടങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ;

(ഡി) ആയത് തുടങ്ങുന്നതിന്റെ നടപടി എന്ന് പൂർത്തിയാക്കുവാൻ സാധിക്കും; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രായോഗിക പരിശീലനം നൽകാൻ നടപടി</u>

**3968 ശ്രീമതി. കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രായോഗിക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള തീരുമാനം സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളെ പ്രോത്സാഹിപ്പിക്കുവാൻ മാത്രമേ സഹായിക്കുകയുളളൂവെന്ന് അറിയാമോ ;

(സി) സ്വാശ്രയ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവാരം കുറവാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം മുന്നോട്ടുവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) മിക്ക സ്വാശ്രയ കോളേജുകളിലും ആവശ്യത്തിന് രോഗികളില്ലാതെ, രോഗികളെ വാടകയ്ക്ക് എടുത്താണ് അംഗീകാരം നിലനിർത്തികൊണ്ടുപോകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>മെഡിക്കൽ കോളേജുകളിലെ പി. ജി. സീറ്റുകൾ</u>**

**3969 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര പി. ജി. സീറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാർ എത്ര പി. ജി. സീറ്റുകളാണ് വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകളോ, പി. ജി. യിൽ കൂടുതൽ സീറ്റുകളോ വർദ്ധിപ്പിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ</u>

3970 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ കുറവ് മൂലം വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ ആശുപത്രികളെ ഉപയോഗപ്പടുത്തുന്നതിനു വേണ്ടി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സൗകര്യം നൽകുന്നത് സർക്കാർ ആശുപത്രികളിൽ നിന്നുള്ള ചികിത്സാ സൗകര്യങ്ങളെയും ചികിത്സാ ഗുണനിലവാരത്തെയും തടസ്സപ്പെടുത്തുകയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആശുപത്രി സംവിധാനം പൂർണ്ണമായും ഉറപ്പു വരുത്തി മാത്രം അംഗീകാരം നേടുന്ന സ്വകാര്യ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഇപ്രകാരം സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ പിൻവലിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മരുന്നുകൾക്ക് അകാരണമായി വില വർദ്ധിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടികൾ</u>**

**3971 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു മഴക്കാലരോഗങ്ങൾ മുന്നിൽകണ്ട് മരുന്ന് കമ്പനികൾ അപ്രധാന ചേരുവകളുടെ പേരുകൾ കൂടി ഉൾപ്പെടുത്തി മരുന്നുകളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്രകാരം മരുന്നുകൾക്ക് അകാരണമായി വിലവർദ്ധിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഔഷധവില നിയന്ത്രണ നയത്തിന്റെ അടിസ്ഥാനത്തിൽ വിപണി അധിഷ്ഠിത വിലനിർണ്ണയ രീതി**

3972 **ശ്രീ. എം. എ. ബേബി**
**,, എളമരം കരീം**
**,, എം. ചന്ദ്രൻ**
**,, കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുറത്തിറക്കിയിരിക്കുന്ന ഔഷധവില നിയന്ത്രണ നയത്തിന്റെ കരട് പ്രകാരം ചെലവ് അധിഷ്ഠിത വില നിർണ്ണയമെന്ന ഇപ്പോഴത്തെ രീതിയിൽ നിന്നു മാറി വിപണി അധിഷ്ഠിത വിലനിർണ്ണയ രീതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന്റെ പ്രസ്തുത നയത്തോടുള്ള സമീപനം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ മരുന്നുകളുടെ വിശദാംശം**

**3973 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2011-2012 സാമ്പത്തിക വർഷത്തിൽ ആകെ എത്ര രൂപയുടെ മരുന്നുകൾ വാങ്ങിയെന്നു പറയാമോ;

(ബി) പ്രസ്തുത സർവ്വീസസ് കോർപ്പറേഷന് മരുന്നുകളോ സർജിക്കൽ ഉപകരണങ്ങളോ വിതരണം ചെയ്ത് ഏറ്റവും കൂടുതൽ തുകയുടെ ഇടപാടുകൾ നടത്തിയ 10 കമ്പനികൾ ഏതെന്നു വിവരിക്കുമോ;

(സി) പ്രസ്തുത 10 കമ്പനികളുടെ പക്കൽ നിന്നും എന്തെല്ലാം മരുന്നുകളും സർജിക്കൽ ഉപകരണങ്ങളുമാണ് കേരളാ മെഡിക്കൽ സർവീസസ് കേർപ്പറേഷൻ വാങ്ങിയതെന്നു അറിയിക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ (മൂന്നു മാസം) കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആകെ എത്ര തുകയുടെ മരുന്നുകൾ വാങ്ങിയെന്നു വ്യക്തമാക്കുമോ;

(ഇ) വാങ്ങിയ മരുന്നുകൾ ഇന്റൻഡ് പ്രകാരം 14 ജില്ലകളിലേക്കും ലഭ്യമാക്കിയതിന്റെ കണക്കുകളും ജില്ലാ വെയർഹൗസുകളിൽ നിന്നും വിവിധ ആശുപത്രികളിലേയ്ക്ക് ലഭ്യമാക്കിയതിന്റെ കണക്കുകളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2012 -ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികൾക്ക് മരുന്ന് വിതരണം</u>

3974 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, ബി.സത്യൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ മരുന്നും ഉപകരണങ്ങളും ചികിൽസയ്ക്കുവേണ്ട മറ്റു സാധനങ്ങളും വേണ്ടത്ര ലഭ്യമല്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ദൗർലഭ്യം പരിഹരിക്കുന്നതിനായി അധിക തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുന്നതല്ലാതെ മുൻകാലത്തേതിൽ നിന്നും വ്യത്യസ്തമായി സൗജന്യമരുന്നു വിതണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മരുന്നു സംഭരണവും സൂക്ഷിപ്പിനുമുള്ള സംവിധാനം**

**3975 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം മരുന്ന് സംഭരണവും സൂക്ഷിപ്പും മേഖലയിൽ ഏർപ്പെടുത്തിയ/ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുമോ; വിശദമാക്കുമോ;

(സി) മരുന്നുകൾ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതിനാൽ മരുന്നുകൾ നശിക്കുന്നു എന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡി മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്ന് സംഭരണത്തിലും സൂക്ഷിപ്പിലും ഉള്ള ഈ പോരായ്മ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ</u>

3976 ശ്രീ. ഇ. പി. ജയരാജൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ രീതിയിൽ മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിൽ നിന്ന് എന്തു മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നതെന്നറിയിക്കാമോ;

(ബി) പ്രൊഡക്ട് മിക്സ് ആന്റ് അഷ്വേർഡ് സ്കീം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ രീതി ചെറുകിടക്കാരെ അകറ്റി നിർത്തുകയും വൻകിട കുത്തകകൾക്ക് ഉയർന്ന ലാഭം ഈടാക്കാൻ അവസരം ലഭിക്കുകയും ചെയ്തിരിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) മുൻവർഷത്തെ അപേക്ഷിച്ച് 2011-12 വർഷം കോർപ്പറേഷൻ വാങ്ങിയ മരുന്നുകളുടെ വിലയിലുള്ള ശരാശരി അന്തരം എത്രയാണെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>നേമം-വിദ്യാധിരാജ ഹോമിയോ കോളേജിലെ ജീവനക്കാർക്ക് പുതുക്കിയ ശമ്പളം</u>**

**3977 ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം-വിദ്യാധിരാജ ഹോമിയോ കോളേജിലെ ജീവനക്കാർക്ക് പുതുക്കിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വൈക്കം നിയോജക മണ്ഡലത്തിലെ ആയുർവേദ - ഹോമിയോ ആശുപത്രികളിൽ എൻ. ആർ. എച്ച്. എം. വഴി താല്കാലിക ജീവനക്കാരുടെ നിയമനം**

**3978 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ആയുർവേദ- ഹോമിയോ ആശുപത്രികളിൽ എൻ. ആർ. എച്ച്. എം. വഴി എത്ര താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഇങ്ങനെ നിയമിച്ചിട്ടുളള ജീവനക്കാർക്ക് നിലവിൽ എത്ര രൂപ വീതമാണ് വേതനം നൽകിവരുന്നത് ;

(സി) ഇവർക്ക് നൽകുന്നതിനുളള വേതനം വർദ്ധിപ്പിക്കാനുളള നടപടികൾ സ്വീകരിക്കുമോ ;

(ഡി) എൻ. ആർ. എച്ച്. എം. വഴിനിയമിച്ചിട്ടുളള നിശ്ചിത വർഷം പൂർത്തിയായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**ആയുർവ്വേദത്തെ പരമ്പരാഗത ചികിത്സാ രീതിയായി വികസിപ്പിക്കാൻ നടപടി**

3979 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സയെ പരമ്പരാഗത ചികിത്സാ രീതിയായി വികസിപ്പിക്കാനുതകുന്ന ഒരു സമഗ്രമായ ആയുർവേദ ചികിത്സാ നയം നടപ്പിലാക്കുവാൻ തയ്യാറാകുമോ;

(ബി) ആയുർവേദ വകുപ്പിന് കീഴിൽ, പരമ്പരാഗതമായി വ്യാപനം ചെയ്യപ്പെടുകയോ കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്ത് ശീലമായി മാറിയിട്ടുള്ള രീതികൾ പ്രചരിപ്പിക്കാൻ വിജ്ഞാന വ്യാപന സംവിധാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇത് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആയുര്‍വ്വേദ നഴ്സുമാരുടെ ഡ്യൂട്ടി സമയം**

3980 ശ്രീ. ജോസ് തെറ്റയില്‍
,, സി. കെ. നാണു
,, മാത്യു. ടി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആയുര്‍വ്വേദ നഴ്സുമാരുടെ ഡ്യൂട്ടി സമയം ഒരു ദിവസം 20മണിക്കൂര്‍ വരെ നീളുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത ജോലി സമയം 8 മണിക്കൂര്‍ ആക്കുവാന്‍ നടപടി സ്വീകരിക്കുമോ ;

(സി) പുതുതായി അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളില്‍ സ്റ്റാഫ് പാറ്റേണ്‍ അനുസരിച്ച് ജീവനക്കാരെ നിയമിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ഗവണ്‍മെന്റ് ആയുര്‍വേദ കോളേജു അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം</u>**

**3981 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗവണ്‍മെന്റ് ആയുര്‍വേദ കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം അവസാനമായി നടന്നത് എന്നാണ്;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം ഇപ്പോള്‍ പരിഗണനയിലുണ്ടോ;

(സി) മെഡിക്കല്‍ കോളേജ് അദ്ധ്യാപകര്‍ക്ക് അവസാനമായി ശമ്പള പരിഷ്ക്കരണം എന്നുമുതല്‍ പ്രാബല്യത്തില്‍ വരും വിധമാണ് പരിഷ്ക്കരിച്ച് നല്‍കിയത്;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളത്തില്‍ പേഷ്യന്റ് കെയര്‍ അലവന്‍സ്, നോണ്‍ പ്രാക്ടീസിംഗ് അലവന്‍സ് എന്നിവ ഉള്‍പ്പെടുത്തി നല്‍കാന്‍ സാധിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആയൂർവേദവകുപ്പിലെ ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിൽ ഫാർമസിസ്റ്റ് പ്രമോഷൻ സംബന്ധിച്ച വിശദാംശം**

3982 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആയൂർവ്വേദവകുപ്പിലെ ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിൽ പുതിയ സ്പെഷ്യൽ റൂൾ നിലവിൽ വന്നപ്പോൾ ഫാർമസിസ്റ്റ് പ്രമോഷനും ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 1:1 റേഷ്യോ പാലിക്കുന്നുണ്ടോ ; 1:1 റേഷ്യോ പാലിക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ ;

(ബി) ഫാർമസിസ്റ്റ് കോഴ്സിന്റെ ഒരു സ്പെഷ്യൽ ബാച്ച് നടത്തിയാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ കഴിയുമോ ; എങ്കിൽ സ്പെഷ്യൽ ബാച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആയൂർവേദ ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് ഹോമിയോയിലേതുപോലെ ലഭിക്കാത്തതുമൂലം പ്രമോഷൻ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ</u>**

**3983 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് മൂന്ന് സർക്കാർ ആയുർവ്വേദ കോളേജിലും നിലവിൽ എത്ര അദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന് വിവരം നൽകാമോ ;**

(ബി) **സെന്റർ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ അനുശാസിക്കുന്ന വിധമുളള അദ്ധ്യാപകക്ഷാമം ഉണ്ടോ ; ഉണ്ടെങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ ;**

(സി) **കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ഏതെങ്കിലും അദ്ധ്യാപക തസ്തികകൾ മറ്റ് കോളേജിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ആയുർവ്വേദ ഡി.എം.ഒ. ഓഫീസിലെ ക്രമക്കേടുകൾ**

3984 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആയുർവേദ ഡി.എം.ഒ. ഓഫീസിൽ വകുപ്പുതലത്തിൽ ഒ.ആന്റ് എം. ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ന്യൂനതകളും ക്രമക്കേടുകളുമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ എത്ര ഖണ്ഡികകൾക്ക് ഇനിയും മറുപടി നൽകാനുണ്ടെന്നും പ്രസ്തുത ഖണ്ഡികകളിൽ പറയുന്ന ക്രമക്കേടുകൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗ് പ്രസ്തുത ഓഫീസിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മാവേലിക്കര ആയുർവ്വേദ ആശുപത്രിയിലെ പ്രശ്നങ്ങൾ</u>**

**3985 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മാവേലിക്കര ആയുർവേദ ആശുപത്രയിൽ മതിയായ സൗകര്യങ്ങളും മരുന്നുകളും ഇല്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>എല്ലാ നിയോജക മണ്ഡലങ്ങളിലും 'യൂനാനി' ഡിസ്പെൻസറികൾ</u>

3986 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര 'യൂനാനി' ഡിസ്പെൻസറികൾ ഉണ്ട് എന്ന് വിശദമാക്കുമോ ; എവിടെയൊക്കെ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചികിത്സാ രീതി പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) ആയതിനായി നിയോജക മണ്ഡലങ്ങളിൽ എൻ.ആർ.എച്ച്.എം സഹായത്തോടെ യൂനാനി ഡിസ്പെൻസറികൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്ത് പ്രകൃതി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടികൾ**

3987 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് പ്രകൃതി ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സപ്തധാരാ പദ്ധതിയിൽ പ്രകൃതി ചികിത്സാ ക്ലിനിക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മലബാർ ദേവസ്വം ബോർഡിലെ ഒഴിവുകൾ**

**3988 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിലെ ഒഴിവുകൾ പി.എസ്.സി ക്ക് വിടുന്നതിന് നടപടി സ്വീകരിക്കുമോ; അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>മലബാർ ദേവസ്വം ബോർഡ് സ്റ്റാഫ് പാറ്റേൺ</u>

3989 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള തടസ്സമെന്താണ്;

(ബി) മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷണറെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**തവനൂർ പഞ്ചായത്തിലെ മിനിപമ്പ**
**പുനരുദ്ധരിക്കാനാവശ്യമായ നടപടി**

**3990 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർ പുണ്യ സ്നാനത്തിനായി എത്തുന്ന തവനൂർ പഞ്ചായത്തിലെ മിനിപമ്പ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വർഷവും കുട്ടികളും മുതിർന്നവരുമടക്കമുള്ള ഭക്തർ ഇവിടെ മുങ്ങിമരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭാരതപ്പുഴയുടെ തീരത്ത് സൈഡ് കെട്ടി വിശാലമായ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ എസ്റ്റിമേറ്റുകൾ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി മിനിപമ്പയെ പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമായിട്ടുണ്ടോ എന്ന് പറയുമോ;

(ഇ) ഇല്ലെങ്കിൽ അതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?